# സിംഗപ്പൂരിലെ അവസാനത്തെ ഗ്രാമം

കെ.വി.അഷ്ടമൂർത്തി



## സിംഗപ്പൂരിലെ അവസാനത്തെ ഗ്രാമം

കെ.വി.അഷ്ടമൂർത്തി

(മലയാളം: യാത്രാവിവരണം)

© 2021 Author

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: The Winding Lanes of KB, a picture of Kampong Buangkok by Grps. The image is taken from Wikimedia Commons and is gratefully acknowledged.

# സിംഗപ്പൂരിലെ അവസാനത്തെ ഗ്രാമം

യാത്രയിലുടനീളം വയസ്സനായ ഡ്രൈവർ സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. സിംഗപ്പൂരിലെ ടാക്സി ഡ്രൈവർമാർ ആണായാലും പെണ്ണായാലും ഭൂരിഭാഗവും വയസ്സായവർ ആണെന്ന് ഇത്തവണത്തെ യാത്രയിലാണ് ഞാൻ ശ്രദ്ധിച്ചത്. വണ്ടിയോടിക്കുന്നതിനിടയിൽ അവർ അധികവും വാചാലരാകുന്നത് പഴയ സിംഗപ്പൂരിനേക്കുറിച്ചാണ്. അതിൽ പലപ്പോഴും നിരാശതയുടെ നിഴൽ പറ്റുന്നത് ഞാൻ ശ്രദ്ധിച്ചിരുന്നു. അതിനുള്ള കാരണം പറഞ്ഞു തന്നത് നിഖിലാണ്. അച്ഛനമ്മമാരെ നോക്കുന്നതിൽ പുതിയ തലമുറ വളരെ ഉദാസീനരാണത്രേ. ജീവിക്കുണമെങ്കിൽ എന്തെങ്കിലും തൊഴിലെടുത്തേ തീരൂ അവർക്ക്. അവരുടെ അവശതകൾ പ്രത്യേകം കണക്കിലെടുക്കണമെന്ന് ഭരണകൂടത്തിനും ഇപ്പോൾ തോന്നിത്തുടങ്ങിയിട്ടുണ്ട്. 2015-ൽ സിംഗപ്പൂർ

സ്വാതന്ത്ര്യത്തിന്റെ അമ്പതാം വർഷം ആഘോഷിയ്ക്കുകയാണ്. 1965-ൽ 15 വയസ്സുണ്ടായിരുന്നവർക്കു മുഴുവൻ പ്രത്യേക ആനുകൂല്യങ്ങൾ നിരത്തിക്കൊണ്ടാണ് സിംഗപ്പൂരിന്റെ ഇത്തവണത്തെ വാർഷിക ബജറ്റ് രൂപപ്പെടുത്തിയിട്ടുള്ളത്.

പയാ ലെബാർ റോഡിൽനിന്ന് Lor Ong Lye എന്ന ഇടവഴിയിലേയ്ക്കു തിരിഞ്ഞ് കാഞ്ചനരാമ ക്ഷേത്രത്തിനു മുന്നിൽ വാഹനം നിർത്തിയപ്പോൾ ഡ്രൈവർ പറഞ്ഞു: ‘ഇവിടെ വലിയ ഒരു കൈതച്ചക്കയുടെ വിഗ്രഹമാണ് വേണ്ടിയിരുന്നത്.’

കൈതച്ചക്കയുടെ കഥ ഇവിടെയെത്തിയപ്പൊഴേ അമ്മു പറഞ്ഞുതന്നിരുന്നു. ലൊറോങ്ങ് ലിയേ കൈതച്ചക്കയുടെ വലിയ ഒരു തോട്ടമായിരുന്നു. Ong Lye എന്നു വെച്ചാൽ കൈതച്ചക്ക എന്നാണർത്ഥം. Lorong എന്നാൽ ഇടവഴി. ശരിയ്ക്ക് Lorong Ong Lye എന്നാണ് പറയേണ്ടത്. Lor എന്നത് Lorong എന്നതിന്റെ ചുരുക്കെഴുത്താണ്. Ong ആവർത്തിയ്ക്കേണ്ട എന്നു വെച്ചതാവണം. ഏതായാലും അച്ഛൻ ഇവിടെ കൈതച്ചക്കയൊന്നും തിരഞ്ഞു പോവണ്ട, ഒരെണ്ണം പോലും കണ്ടെത്തില്ല എന്ന് അമ്മു മുന്നറിയിപ്പും തന്നു.

കൈതച്ചക്ക വീണ്ടും സംഭാഷണവിഷയമായത് സുരേഷ് മേനോൻ വീട്ടിൽ വന്നപ്പോഴാണ്. ‘സ്റ്റെയ്റ്റ്സ് ടൈം’സിന്റെ ബിസിനസ്സ് എഡിറ്ററായ സുരേഷ് മേനോൻ കഴിഞ്ഞ ഇരുപതുകൊല്ലമായി സിംഗപ്പൂരിലാണ്. മാനം മുട്ടെ വളർന്നു നിൽക്കുന്ന കെട്ടിടങ്ങൾക്കിടയിൽ കൈതച്ചക്കത്തോട്ടത്തിനുള്ള സ്ഥലമെവിടെ! മറ്റേതൊരു

പ്രദേശത്തേയും പോലെ സിംഗപ്പൂരും ഒരു കാലത്ത് വലിയ ഒരു ഗ്രാമമായിരുന്നുവല്ലോ. വർത്തമാനത്തിനിടയിൽ സിംഗപ്പൂരിൽ ഒരു ഗ്രാമം ഇപ്പോഴും ബാക്കിയുണ്ടെന്നും അത് പോയി കാണാവുന്നതാണെന്നും അദ്ദേഹം നിർദ്ദേശിച്ചു. പക്ഷേ സ്ഥലം കൃത്യം അറിയില്ല. സുരേഷ് ഒരു വട്ടം പോവാൻ ശ്രമിച്ചതാണ്. ടാക്സിയിൽ കയറിയെങ്കിലും ഡ്രൈവർക്ക് സ്ഥലം കണ്ടുപിടിയ്ക്കാനാവാത്തതുകൊണ്ട് ലക്ഷ്യമെത്താതെ തിരിച്ചുപോരേണ്ടിവന്നുവത്രേ. ആ ടാക്സിഡ്രൈവർ തീർച്ചയായും ഒരു ചെറുപ്പക്കാരനായിരുന്നിരിയ്ക്കണം എന്ന് എനിയ്ക്കു തോന്നി.

സിംഗപ്പൂരിൽ ഒരു ഗ്രാമമോ! കൂറ്റൻ കൂറ്റൻ കെട്ടിടങ്ങളും കച്ചവടമാളികകളും (Shopping Malls) തീറ്റപ്പന്തലുകളും (Food Courts) കോൺഡോകളും (Condominiums) ഹൗസിങ്ങ് ബോർഡിന്റെ നൂറു കണക്കിന് അടുക്കുവീടുകളും (Flats) തിങ്ങിനിൽക്കുന്ന സിംഗപ്പൂർ അപ്പാടെ ഒരു നഗരമാണ്. അവിടെ ഒരു ഗ്രാമം ഇപ്പോഴും നിലനിൽക്കുന്നു എന്നത് വിശ്വസിയ്ക്കാൻ പോലുമായില്ല. 1960-ൽ സിംഗപ്പൂർ മലേഷ്യയുടെ ഒപ്പം ഒരു ഫെഡറേഷനായിരുന്ന കാലത്തു തന്നെ ലീ ക്വാൻ യൂ അവിടെ ഭവനനിർമ്മാണവികസനസമിതി (Housing and Development Board) സ്ഥാപിച്ചിരുന്നു. 1965-ൽ മലേഷ്യയിൽനിന്നു വേർപിരിഞ്ഞ് സിംഗപ്പൂർ ഒരു സ്വതന്ത്രരാജ്യമായതോടെ അതിന് ആക്കം കൂട്ടി. ഗ്രാമങ്ങളിലെ പാവപ്പെട്ട വീടുകളിൽ താമസിയ്ക്കുന്നവരെ അടുക്കുവീടുകളിലേയ്ക്കു കുടിയേറിപ്പാർപ്പിയ്ക്കുന്ന ഒരു ബൃഹദ് പദ്ധതിയായിരുന്നു അത്. സിംഗപ്പൂരിനെ അപ്പാടെ നഗരവൽക്കരിയ്ക്കുന്നതിന്റെ ഭാഗവുമായിരുന്നു.

വീടുകളേയും ചുറ്റുപാടുകളേയും ഇടിച്ചുനിരത്തിക്കൊണ്ട് ഗ്രാമങ്ങളിലെമ്പാടും ബുൾഡോസറുകൾ നിരങ്ങിനീങ്ങാൻ തുടങ്ങി. മലേഷ്യൻ ശൈലിയിലുള്ള വീടുകൾ നിരവധി നിലകളുള്ള കെട്ടിടക്കൂട്ടങ്ങൾക്കു വഴി മാറി. പഴയ സിംഗപ്പൂർ അതോടെ ചിത്രങ്ങളിൽ മാത്രമായി.


]

വിവോ സിറ്റിയും സെന്റോസയും ഓർച്ചാർഡ് റോഡും ബേഡ് പാർക്കും ബൊട്ടാണിക്കൽ ഗാർഡനും മെർലിയണും ഹാർബർ ഫ്രന്റും ഏഷ്യൻ സിവിലൈസേഷൻ മ്യൂസിയവും മാത്രമല്ല സിംഗപ്പൂർ എന്ന് എനിയ്ക്കു തോന്നി. സുരേഷ് മേനോന് കണ്ടുപിടിയ്ക്കാനാവാതെ പോയ ആ ഗ്രാമം ഒന്നു കാണണമല്ലോ. ഗൂഗിളിൽ കയറി പരതി. അതാ, 'സിംഗപ്പൂരിലെ അവസാനത്തെ ഗ്രാമം' എന്ന ഒരു കണ്ണി കിടക്കുന്നു! ഈ ഗ്രാമത്തിന്റെ പേര് ബ്വാങ്കോക് എന്നാണ്. സുരേഷ് മേനോന്റെ താമസസ്ഥലമായ ആങ് മോ ക്യോവിൽനിന്ന് അധികം അകലെയല്ലാതെ കിടക്കുന്ന ഈ സ്ഥലം അദ്ദേഹത്തിനു കണ്ടെത്താൻ

കഴിയാതെ പോയത് അത്ഭുതം തന്നെ. ഗൂഗിളിൽ കൂടുതൽ വിവരങ്ങളുണ്ട്. ലൊറോങ്ങ് ലിയേയിൽനിന്ന് അധികം ദൂരത്തല്ല. അവിടെനിന്ന് 70-ആം നമ്പർ ബസ്സ് പിടിയ്ക്കുക. സെന്റ് വിൻസെന്റ് ഡീ പോൾ ചർച്ച് സ്റ്റോപ്പിൽ ഇറങ്ങി പാത മുറിച്ചു കടന്ന് കനാലിൽനിന്നുള്ള പടികൾ ഇറങ്ങിയാൽ ബ്വാങ്കോക് ഗ്രാമമായി.

പിറ്റേന്നു വൈകുന്നേരം തന്നെ പുറപ്പെട്ടു. സിംഗപ്പൂരിലില്ലാത്ത കൊതുകുകൾ അവിടെ ഉണ്ടാവാം എന്നു ഭയപ്പെട്ട് അമ്മു ആരാധ്യയെ ദേഹം മുഴുവൻ മൂടുന്ന ഒരുടുപ്പ് ഇടുവിച്ചു. കുടിവെള്ളം കുപ്പിയിലെടുത്ത് സഞ്ചിയിൽ തിരുകി. മാനം ഇരുണ്ടിട്ടുണ്ട്. മഴ പെയ്താൽ കയറിനിൽക്കാൻ ഇടമുണ്ടാവില്ലെന്നു വിചാരിച്ച് കുടയും കയ്യിൽ കരുതി. ടോർച്ച് എടുക്കാൻ ഭാവിച്ചപ്പോൾ അത് ഏതായാലും വേണ്ട അച്ഛാ എന്ന് അമ്മു തടഞ്ഞു. നമ്മുടെ നാട്ടിൽ പണ്ട് ഉണ്ടായിരുന്നതു പോലെ ചൂട്ട് കിട്ടാൻ വഴിയുണ്ട് എന്നു ചിരിച്ചു.

എല്ലാം ഗൂഗിൾ സ്വാമി പറഞ്ഞ പോലെ. കനാലിന്റെ പടികൾ ഇറങ്ങിയതോടെ ഞങ്ങൾ അര നൂറ്റാണ്ടു മുമ്പുള്ള ഒരു ലോകത്തിലെത്തി. സിംഗപ്പൂരിൽ ആദ്യമായി കമ്പികൾ തൂങ്ങിനിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ കണ്ടു. കമ്പിയിൽ വള്ളികൾ പടർന്നു പിടിച്ചിരിയ്ക്കുന്നതു കണ്ടപ്പോൾ ആറാട്ടുപുഴയിൽ എത്തിയെന്നു തോന്നി. നേരെ കിടക്കുന്ന പാത ടാറിട്ടതാണെങ്കിലും ഇടത്തോട്ടുള്ളത് വെളുത്തനിറത്തിലുള്ള മൺപാതയാണ്. ഗ്രാമത്തിലേയ്ക്കുള്ള വഴിയാണ് അത്.

ഇത് ഒരു കാഴ്ചബംഗളാവല്ലെന്നും ചോരയും നീരുമുള്ള മനുഷ്യർ താമസിയ്ക്കുന്ന സ്ഥലമാണെന്നും അവരെ

അലോസരപ്പെടുത്തരുതെന്നും ഇന്റർനെറ്റിലെ ഒരു ലേഖനത്തിൽ കണ്ടിരുന്നു. സിംഗപ്പൂർ പോലെയുള്ള ഒരു വൻനഗരത്തിൽ ഇത് ഒരു പിക്നിക് സ്പോട്ടാവാനുള്ള സാദ്ധ്യത വളരെയുണ്ടല്ലോ. അതുകൊണ്ട് ഗ്രാമത്തിലേയ്ക്കുള്ള വഴിയിൽ ഞങ്ങൾ അൽപനേരം ശങ്കിച്ചുനിന്നു. അൽപം അകലെ രണ്ടോ മൂന്നോ ചെറുപ്പക്കാർ വിഡിയോവിൽ പടം പിടിയ്ക്കുന്നതു കണ്ടപ്പോൾ മുന്നോട്ടു നടക്കാൻ തന്നെ തീരുമാനിച്ചു.

ഗ്രാമം ഏറെക്കുറെ ശാന്തമായിരുന്നു. സ്വകാര്യതയിലേയ്ക്കു കടന്നു കയറരുത് എന്ന മുന്നറിയിപ്പ് ഞങ്ങൾ നല്ലവണ്ണം ഉൾക്കൊണ്ടിരുന്നുവെങ്കിലും അതിന്റെയൊന്നും കാര്യമുണ്ടായിരുന്നില്ല. അവിടത്തെ താമസക്കാർ ഏറെയും വീട്ടിൽത്തന്നെ അടച്ചിരിയ്ക്കുകയാണെന്ന് അകത്തുനിന്നുള്ള സംസാരം കേട്ടപ്പോൾ മനസ്സിലായി. ടെലിവിഷനിൽനിന്നുള്ള ശബ്ദവും കേൾക്കാനുണ്ട്. ഒരുപക്ഷേ ഞങ്ങളേപ്പോലുള്ള സന്ദർശകരുടെ സാന്നിദ്ധ്യം ഒഴിവാക്കാൻ വേണ്ടിത്തന്നെയാവാം അത്. ഒരു വീടിന്റെ മുറ്റത്തു നിൽക്കുന്ന വയസ്സായ ഒരു സ്ത്രീയെ മാത്രമാണ് അന്തേവാസിയായി കണ്ടത്. അവർ ഞങ്ങളെ നോക്കി സൗഹൃദത്തോടെ ചിരിച്ചു. ഇനിയും വീടുകളുണ്ടെന്ന് അവർ മുന്നോട്ടുള്ള വഴി ചൂണ്ടിക്കാണിച്ചു.

നാകത്തകിടുകൊണ്ടു മേഞ്ഞ വീടുകളായിരുന്നു അത്. അധികവും മരമാണ് ഉപയോഗിച്ചിരിയ്ക്കുന്നത്. വീടുകൾക്കുള്ള മുളംപടികളും മുറ്റത്തിന്റെ അതിരുകളിലെ ചെടികളിലെ നന്ത്യാർവട്ടവും ചെമ്പരത്തിയും തെച്ചിയും കോളാമ്പിയും നാലുമണിപ്പൂക്കളും കണ്ടപ്പോൾ ഗൃഹാതുരത്വം അടക്കാനായില്ല. മാവുകളും പ്ലാവുകളും

ധാരാളമുണ്ട്. കൂട്ടത്തിൽ തെങ്ങുകളും കവുങ്ങുകളുമുണ്ട്. ഏതെങ്കിലും ഒരു വീട്ടിൽനിന്ന് തോർത്തുമുണ്ടു ചുറ്റിയ ഒരു രാമൻ നായർ ഇറങ്ങി വന്നേയ്ക്കാം എന്നു വരെ എനിയ്ക്കു തോന്നി.


]

ഗ്രാമം എന്നു പറയാമെങ്കിലും അതിന് ഏകദേശം മൂന്നു ഫുട്ബോൾ ഗ്രൗണ്ടുകൾ ചേർന്ന വിസ്തീർണ്ണമേയുള്ളു. ഇരുപത്തെട്ടു കുടുംബങ്ങൾ ഇവിടെ താമസിയ്ക്കുന്നുണ്ട്. വാടകയ്ക്കാണ് അവരുടെ താമസം. ഇപ്പോഴത്തെ സ്ഥലമുടമ സങ്ങ് ഹ്വയ് ഹോങ്ങിന്റെ അച്ഛൻ 1962-ൽ കൈവശപ്പെടുത്തിയതാണ് ഈ സ്ഥലം. മാസവാടക ഇപ്പോഴും എട്ടു ഡോളർ മുതൽ മുപ്പത്തഞ്ചു ഡോളർ വരെയേയുള്ളു. ഹൗസിങ്ങ് ബോർഡിന്റെ കോളനികളിൽ ഇത് 800 മുതൽ 1500 വരെയാണെന്ന് ഓർക്കുക. ഗ്രാമവാസികളായതുകൊണ്ട് ദരിദ്രർ എന്ന് അർത്ഥമില്ല. പലേ വീടുകളുടെ മുറ്റത്തും കാറുകൾ കിടക്കുന്നതു കണ്ടു.

നേരം ആറര കഴിഞ്ഞിരുന്നു. സിംഗപ്പൂരിൽ വൈകിയാണ് സൂര്യനസ്തമിയ്ക്കുക. ഇരുട്ടു വീഴാൻ രാത്രി

ഏഴരയെങ്കിലുമാവും. എന്നാലും വൈകിയ്ക്കേണ്ടെന്നു കരുതി ഞങ്ങൾ മടങ്ങാൻ തീരുമാനിച്ചു. ആരോടും യാത്ര പറയാനില്ല. കുറച്ചു മുമ്പ് ഒരു വീടിന്റെ മുറ്റത്തു കണ്ട വൃദ്ധ കൂടി അകത്തേയ്ക്ക് ഉൾവലിഞ്ഞിരിയ്ക്കുന്നു. കുറേക്കൂടി പടങ്ങളെടുത്ത് ഞങ്ങൾ ബാങ്ക്വോക്കിനോട് നിശ്ശബ്ദം യാത്ര പറഞ്ഞു.

ഇത്തവണ നിഖിൽ എനിയ്ക്കു സമ്മാനിച്ച പുസ്തകങ്ങളുടെ കൂട്ടത്തിൽ 'കാംപോംഗ് സ്പിരിറ്റ്' എന്ന ഒരാത്മകഥയും ഉണ്ടായിരുന്നു. 'പോത്തോങ്ങ് പാശിറിലെ 1955 മുതൽ 1965 വരെയുള്ള ജീവിതം' എന്ന് ഉപശീർഷകമുള്ള അത് ജോസഫൈൻ ചിയ എന്ന എഴുത്തുകാരിയുടെ കുട്ടിക്കാലത്തെ ഓർമ്മകളാണ്. സിംഗപ്പൂർ ഒരു മഹാനഗരമാവുന്നതിനു മുമ്പ് മറ്റേതൊരു പ്രദേശത്തെയും പോലെ ഒരു ഗ്രാമമായിരുന്നു പോത്തോങ്ങ് പാശിർ. നഗരവൽക്കരണത്തിന്റെ ഭാഗമായി ഗ്രാമങ്ങളിൽ ബുൾഡോസറുകൾ തേർവാഴ്ച നടത്തുന്നതിനും കുളങ്ങളും കിണറുകളും മണ്ണിട്ട് മൂടുന്നതിനും മുമ്പുള്ള സിംഗപ്പൂരിന്റെ തെളിഞ്ഞ ഒരു ചിത്രം കിട്ടും ഈ പുസ്തകം വായിയ്ക്കുമ്പോൾ. കുഴൽവെള്ളവും വൈദ്യുതവിളക്കുകളും ജോസഫൈന് അത്ഭുതങ്ങളായിരുന്നു. നഗരത്തിനടുത്ത് താമസിച്ചിരുന്ന ചെറിയച്ഛന്റെ വീട്ടിൽ ഇതെല്ലാം കണ്ട് അന്തം വിടുന്നുണ്ട് ജോസഫൈൻ.

ലീ ക്വാൻ യൂവിന്റെ നടപടികൾ കൊണ്ട് കൂടുതൽ നല്ല നിലവാരത്തിലുള്ള ജീവിതം സിംഗപ്പൂർക്കാർക്ക് കൈവന്നിട്ടുണ്ടെന്നതിനു സംശയമില്ല. പക്ഷേ ഗ്രാമജീവിതത്തിന്റെ നന്മകൾ എവിടെയൊക്കെയോ നഷ്ടപ്പെട്ടുപോയി എന്നു തീർച്ച. ജോസഫൈൻ ചിയയുടെ

പുസ്തകത്തിൽ ഒരു മലമ്പാമ്പിനെ നാട്ടുകാർ ഒന്നിച്ച് നേരിടുന്നതിന്റേയും കൊന്നതിനു ശേഷം അതിനെ പങ്കിട്ടു തിന്നുന്നതിന്റേയും രസകരമായ വിവരണമുണ്ട്. പുസ്തകത്തിന്റെ രണ്ടാം ശീർഷകം Gotong Royong എന്നാണ്. മലായ് ഭാഷയിൽ പരസ്പരസഹായം എന്ന് അർത്ഥം. തമ്മിൽത്തമ്മിൽ കൊണ്ടും കൊടുത്തുമുള്ള ഗ്രാമജീവിതമാണ് എഴുത്തുകാരി ഉദ്ദേശിയ്ക്കുന്നത്. ഇന്നത്തെ സിംഗപ്പൂർജീവിതത്തിൽ അത്തരം ഊഷ്മളതയില്ല. തീപ്പെട്ടി അടുക്കി വെച്ചതുപോലുള്ള പുതിയ ഫ്ളാറ്റു സംവിധാനത്തിൽ അടുത്തടുത്താണ് താമസമെങ്കിലും അതിലെ അന്തേവാസികൾ വളരെ അകലത്താണ് ജീവിയ്ക്കുന്നത് എന്ന ധ്വനി അവരുടെ ആത്മകഥയിലുണ്ട്.

ഇത് നാഗരികതയുടെ അനിവാര്യതയായിരിയ്ക്കാം. ലോകത്തിലെമ്പാടും നടക്കുന്നതും ഇതു തന്നെയായിരിയ്ക്കാം. സിംഗപ്പൂരിൽ ഇതു സംഭവിച്ചത് സ്വാഭാവികമായല്ല എന്നതും കടുത്ത നടപടികളിലൂടെയാണ് എന്നതും വളരെ പെട്ടെന്നാണ് എന്നതും ആഘാതങ്ങൾക്ക് ആക്കം കൂട്ടിയിട്ടുണ്ടാവാം. ഏതായാലും ഒന്നുറപ്പ്: അന്നത്തെ ഗ്രാമവാസികൾ അനുഭവിച്ച വേദനകൾ ഒരു പുസ്തകത്തിലും വന്നിട്ടുണ്ടാവില്ല. ലീ ക്വാൻ യൂവിനേക്കുറിച്ച് ചീത്തയായതൊന്നും എഴുതാൻ അവിടെ അനുവാദമില്ലല്ലോ. സിംഗപ്പൂരിൽ ഏകാധിപത്യ–ജനാധിപത്യം (Guided Democracy) ആണല്ലോ നിലനിൽക്കുന്നത്.

'സിംഗപ്പൂർ സ്റ്റോറി'യ്ക്കു ശേഷം ലീ ക്വാൻ യൂ എഴുതിയ

'മൂന്നാം ലോകത്തിൽനിന്ന് ഒന്നാം ലോകത്തിലേയ്ക്ക്' (From Third World to First) എന്ന പുസ്തകത്തിൽ ആ കുടിയേറിപ്പാർപ്പിനേക്കുറിച്ചുള്ള വിവരണങ്ങളുണ്ട്. കുടിലുകളിൽ നിന്ന് കൂറ്റൻ കെട്ടിടങ്ങളിലേയ്ക്കുള്ള താമസമാറ്റം ഗ്രാമവാസികളെ സംബന്ധിച്ചിടത്തോളം സാംസ്കാരികമായ ഒരാഘാതമായിരുന്നു. അവർ വളർത്തു പന്നികളേയും കോഴികളേയും താറാവുകളേയും കൂടെക്കൊണ്ടു വന്നു. പന്നികളെ കോണിപ്പടികൾ കയറാൻ നിർബ്ബന്ധിച്ചു. കോഴികളും താറാവുകളും സ്വീകരണമുറിയിലേയ്ക്കു കടക്കാതിരിയ്ക്കാൻ അടുക്കളയ്ക്ക് മരം കൊണ്ട് പടിവാതിലുകളുണ്ടാക്കി. എസ്കലേറ്ററുകളിൽ കയറാനുള്ള പേടി കൊണ്ട് പലരും കോണി കയറിയാണ് മുകൾനിലകളിലെത്തിയിരുന്നത്. വൈദ്യുതവിളക്കുകളുണ്ടായിട്ടും തെളിയിയ്ക്കാൻ പേടിച്ച് പലരും പഴയ മണ്ണെണ്ണ വിളക്കുകളാണത്രേ ഉപയോഗിച്ചത്.

മടക്കബസ്സിൽ ഇരിയ്ക്കുമ്പോൾ ആലോചിച്ചു: എത്രകാലം ഈ ഗ്രാമം ഇതേപ്പോലെ നിലനിൽക്കും? അധികകാലം ഉണ്ടാവാൻ സാധ്യതയില്ല. മൂന്നു ഫുട്ബോൾ ഗ്രൗണ്ടിന്റെയത്രയും ഭൂമി സിംഗപ്പൂരിൽ വിലമതിയ്ക്കാനാവാത്തതാണ്. ഗ്രാമത്തെ വേർതിരിയ്ക്കുന്ന ടാറിട്ട റോഡിനപ്പുറം ഹൗസിങ്ങ് ബോർഡിന്റെ ഒരു കൂറ്റൻ കെട്ടിടം ബാങ്ക്വോക്കിലേയ്ക്ക് ആർത്തിയോടെ തുറിച്ചുനോക്കി നിലകൊള്ളുന്നുണ്ട്. ഈ തുണ്ടു ഭൂമിയിലെ പാവം വീടുകൾക്കു മീതെ ഏതു ദിവസവും ഭരണകൂടത്തിന്റെ ബുൾഡോസറുകൾ ഉരുളാൻ സാധ്യതയുണ്ട്. അത്തരമൊരു ആശങ്ക സ്ഥലമുടമ സങ്ങ് ഹയ് ഹോങ്ങും ഒരഭിമുഖസംഭാഷണത്തിൽ

പങ്കുവെയ്ക്കുന്നുണ്ട്. ഒരുപക്ഷേ ഇനിയും ഇവിടേയ്ക്ക് എത്തുമ്പോൾ ഈ ഗ്രാമവും ബാക്കിയുണ്ടാവില്ല. ഗ്രാമത്തിലേയ്ക്കു തിരിയുന്ന വഴിയുടെ തുടക്കത്തിൽ ഒരു മരത്തിൽ കെട്ടിവെച്ച Lorong Buang Kok 1954 എന്ന ബോർഡിലേയ്ക്ക് ഒന്നു കൂടി നോക്കി ഞങ്ങൾ തിരിച്ചു നടന്നു.

വീടിന്റെ മുറ്റത്തെത്തിയപ്പോൾ ശ്രദ്ധിച്ചു. പൂഴിമണ്ണു പുരണ്ട് ചെരിപ്പ് വെളുത്തിരിക്കുന്നു! സിംഗപ്പൂരിലെത്തിയതിനു ശേഷം ആദ്യമായാണ് ചെരിപ്പിൽ മണ്ണു പുരളുന്നത്. പുൽത്തകിടികൾ കൊണ്ടും ഇഷ്ടികകൾ കൊണ്ടും സിമന്റ് പാളികൾ കൊണ്ടും കനത്ത ടാറു കൊണ്ടും അപ്പാടെ പൊതിഞ്ഞു വെച്ചിരിയ്ക്കുകയാണ് സിംഗപ്പൂർ. എത്ര നാഴികകൾ നടന്നു കൂട്ടിയാലും ചെരിപ്പിൽ ഒരു നുള്ളു പൊടി പോലും പുരളില്ല. പുറംമോടിയിൽ അത്രമേൽ തിളങ്ങുന്ന രാജ്യമാണ് സിംഗപ്പൂർ. അഴിച്ചെടുത്ത ചെരിപ്പുമായി കുളിമുറിയിലേയ്ക്കു നടക്കുമ്പോൾ സന്തോഷം തോന്നി. ഇത്തവണത്തെ യാത്രയ്ക്കിടയിൽ ഇതുവരെ കാണാത്ത ഒന്ന് കാണാനും അറിയാനും കഴിഞ്ഞുവല്ലോ. ചിട്ടപ്പടിയുള്ള ഒരു സന്ദർശകപ്പട്ടികയിൽ ഒരിയ്ക്കലും ഉൾപ്പെടാൻ സാദ്ധ്യതയില്ലാത്തതാണല്ലോ ഈ ഗ്രാമം.

പൊടി പുരണ്ട ചെരിപ്പുകൾ ഒരു മാപ്പപേക്ഷ പോലെയാണ് തിളങ്ങുന്ന കുളിമുറിയിലേയ്ക്ക് കടന്നുചെന്നത്. ടാപ്പിന്റെ കഴുകൻ വായയ്ക്കു താഴെ അവ അന്തിമവിധി കാത്തുകിടന്നു. അടുത്ത നിമിഷം കുതറിത്തെറിച്ച വെള്ളത്തിൽ ചെരിപ്പിലെ മണ്ണ് കുത്തിയൊലിച്ച് കുളിമുറിയിലെ കറുത്ത ഇഷ്ടികകളിൽ വെളുത്ത ചിത്രങ്ങൾ വരച്ചു. അത് ഒരു ശ്വാസനേരം

മാത്രം. വെള്ളം വീണ്ടും ചീറ്റിത്തെറിച്ചപ്പോൾ ചിത്രങ്ങൾ ഒന്നോടെ പുറത്തേയ്ക്ക് ഒലിച്ചുപോയി. നിലം വീണ്ടും പുതിയ സിംഗപ്പൂരിനേപ്പോലെ തിളങ്ങാൻ തുടങ്ങി.

*(ദേശാഭിമാനി വാരിക, 04–05–2014)*

⋆ ⋆ ⋆

## കെ.വി. അഷ്ടമൂർത്തി



1952 ജൂൺ 27-ന് തൃശ്ശൂർ ജില്ലയിലെ ആറാട്ടുപുഴയിൽ ജനനം. കേരളവർമ്മ കോളജിലെ വിദ്യാഭ്യാസാനന്തരം ബോംബെയിൽ ജോലിചെയ്തു. ഇപ്പോൾ തൃശ്ശൂരിൽ എസ് എൻ എ ഔഷധശാലയിൽ ജോലി ചെയ്യുന്നു. ദേശാഭിമാനിയിലും ജനയുഗത്തിലും പംക്തികൾ കൈകാര്യം ചെയ്യുന്നു.

## കൃതികൾ

- കരുവന്നൂർപ്പുഴയിലെ പാലം
- റിഹേഴ്സൽ ക്യാമ്പ്
- മരണശിക്ഷ – കഥാവർഷം
- വീട്ടു വിട്ടു പോകുന്നു
- തിരിച്ചുവരവ്
- പകൽവീട്
- കഥാസാരം
- ലാ പത്താ
- അനുധാവനം (പ്രവീൺകുമാറുമൊത്തെഴുതിയത്)
- തിരിച്ചുവരവ് (നോവെലറ്റ്)

## ലേഖനസമാഹാരങ്ങൾ

- അകലെത്തെ ബോംബെ, അയലെത്തെ മുംബൈ

- എപ്പോഴാ മകൾ മടങ്ങിയെത്തുക
- അയാൾ കഥയെഴുതാൻ പോവുകയാണ്.
- മാലാഖമാരേ മറയൊല്ലേ

## യാത്രാവിവരണങ്ങൾ

- സിംഗപ്പൂരിലെ അവസാനത്തെ ഗ്രാമം
- സിംഗപ്പൂരിലെ 'കൊച്ചുഭാരതം'
- സിംഗപ്പൂരിലെ പക്ഷികൾ
- സിംഗപ്പൂർ സ്റ്റോറി